# ഭൈഷജ്യരത്നാവലി എന്ന യോഗഗ്രന്ഥം

ഡോ. കെ. മുരളി

വൈദ്യഗ്രന്ഥശേഖരത്തിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് യോഗഗ്രന്ഥങ്ങൾ. സംഹിതാകാലത്തിൽ നിന്നും ശാസ്ത്രം വികസിച്ചതോടെ നിരവധി ഔഷധക്കൂട്ടുകളും കല്പനകളും പ്രയോഗത്തിൽവന്നു. വ്യത്യസ്ത സമ്പ്രദായങ്ങളും ഗുരുശിഷ്യപരമ്പരകളും ചികിത്സാവൃത്തിയിൽ സജീവമായി. ഈ ശാഖകളിലെല്ലാം ഉപയോഗിച്ചിരുന്ന ഔഷധയോഗങ്ങൾ സമാഹരിക്കേണ്ടത്, അവയുടെ പഠനത്തിനും പ്രയോഗത്തിനും അനുപേക്ഷണീയമായി. അങ്ങനെ സിദ്ധാന്തനിഷ്ഠമായ സംഹിതാപഠനത്തിന് ശേഷം അല്ലെങ്കിൽ ഒപ്പം യോഗങ്ങളുടെ ഘടകദ്രവ്യങ്ങളും ഫലശ്രുതിയും പരതുന്നതിന് സൗകര്യപ്രദമായ ഒരു കൈപ്പുസ്തകം എന്ന നിലയിൽ യോഗഗ്രന്ഥങ്ങൾ രൂപം പൂണ്ടു. പ്രാദേശികമായിത്തന്നെ ഈ വികാസം കാണാം. ചികിത്സാമഞ്ജരിയും യോഗാമൃതവും ചികിത്സാഗ്രന്ഥങ്ങളാണെങ്കിൽ, സഹസ്രയോഗവും ആസവാരിഷ്ടമഞ്ജരിയും യോഗഗ്രന്ഥങ്ങളാണ്. 'ദേശീയ' തലത്തിൽ ഈ പ്രവണത തുടങ്ങുന്നത് മധ്യകാലഘട്ടത്തോടെ, കൃത്യമായി പറഞ്ഞാൽ ശാർങ്ഗധരസംഹിതയോടെയാണെന്ന് പറയാം.

ഇത്തരം ഒരു രചനാശൈലി ശാസ്ത്രത്തിന്റെ വികാസമായി കാണാമെങ്കിലും ചില കോട്ടങ്ങളും ഇതുകൊണ്ടുണ്ടായത് മറച്ച് പിടിയ്ക്കാനാവില്ല. സിദ്ധാന്തങ്ങൾ പഠിക്കാതെ യോഗങ്ങൾ മാത്രം പഠിച്ച് പലരും വൈദ്യന്മാരായി. പഠിച്ച വൈദ്യന്മാർതന്നെ യോഗങ്ങളെ മാത്രം ആശ്രയിച്ച് ചികിത്സിക്കാനും തുടങ്ങി. ഇത് തികച്ചും അശാസ്ത്രീയമായ ഒരു പ്രവണതയാണ്. അതുകൊണ്ട് ഇത്തരം നിർമ്മിതികളെ ചില ചരിത്രകാരന്മാർ പ്രതിലോമമായ ഒന്നായി വീക്ഷിക്കുന്നു. യോഗങ്ങളെ മാത്രം ആശ്രയിച്ച് ചികിത്സിക്കുന്നവന് പിഴവ് പറ്റുന്നു എന്ന് ചരകനും പറയുന്നുണ്ടല്ലോ. യോഗഗ്രന്ഥങ്ങളുടെ ഇത്തരം ന്യൂനതകളെ, ആരോപണങ്ങളെ അതിജീവിക്കാനുള്ള ശ്രമമാണ് യഥാർത്ഥത്തിൽ ഇവയിലുള്ള സിദ്ധാന്തഭാഗങ്ങൾ. എന്നാൽ ഇക്കാര്യം ശാർങ്ഗധരസംഹിതയ്ക്ക് ബാധകമല്ല.

'ഉടമസ്ഥത' യില്ല എന്നതാണ് യോഗഗ്രന്ഥങ്ങൾ അനുഭവിക്കുന്ന മറ്റൊരു പ്രശ്നം. പ്രായേണ സ്വതന്ത്രകൃതികളല്ലാത്തതുകൊണ്ട് ആർക്കുവേണമെങ്കിലും അത് വിപുലപ്പെടുത്തുകയോ ചുരുക്കുകയോ ചെയ്യാം. അന്യശൈലിയുള്ളതോ പുതിയ കാലഘട്ടത്തിലുള്ളതോ ആയ യോഗങ്ങളും ഇതിൽ കൂട്ടിച്ചേർക്കപ്പെടുന്നു. എന്നാൽ "ചുരുക്കുന്നതപൂർവമാം."

ഫലസിദ്ധികൊണ്ട് രത്നം പോലെ തിളങ്ങുന്ന ഭൈഷജ്യങ്ങളുടെ നിര (ആവലി) തന്നെയാണ് ഇവിടെ ചർച്ചാവിഷയമാകുന്ന ഗ്രന്ഥം. യോഗഗ്രന്ഥങ്ങളുടെ മുൻപറഞ്ഞ പ്രത്യേകതകളെല്ലാം, ഇതിനും ബാധകമാണ്. ഭൈഷജ്യരത്നാവലിയിലെ യോഗങ്ങളെ അവലോകനം ചെയ്ത് പരിചയപ്പെടുത്താനാണ് എന്റെ ശ്രമം. അതിനുള്ള പരിമിതികളെക്കുറിച്ച് ആദ്യമേ പറയേണ്ടിയിരിക്കുന്നു. ഒന്നാമതായി ധാരാളം യോഗങ്ങളുപയോഗിച്ച് ചികിത്സിക്കുന്ന ഒരാളല്ല, ഞാൻ. എങ്കിലും യോഗങ്ങളെ പഠിക്കുകയും വിലയിരുത്തുകയും ചെയ്യാറുണ്ട്. രണ്ടാമതായി വിപുലപ്പെടുത്തപ്പെട്ട പല പതിപ്പുകൾ ഇറങ്ങിയ പത്തൊമ്പതാം നൂറ്റാണ്ടിലെ ഈ ഗ്രന്ഥത്തിൽ എന്താണ് ഏതൊക്കെയാണ് മൗലികമായിട്ടുള്ളത്, ഏതൊക്കെ പരകീയം എന്ന് നിശ്ചയിക്കുക അനായാസമല്ല. അത്തരമൊരു ശ്രമത്തിന് മുതിരാതെയാണ് ഇവിടെ ഇത് അവതരിപ്പിക്കുന്നത്. കേരളീയചികിത്സയെ വളരെയധികം സ്വാധീനിച്ചിട്ടുള്ള ഈ

ഗ്രന്ഥം ചർച്ച ചെയ്യപ്പെടുന്നത് എന്ത് അപൂർണ്ണകളുണ്ടെങ്കിലും പ്രയോജനപ്രദം തന്നെ. ഒരു കാലഘട്ട ത്തിലെ, ഒരു പ്രദേശത്തെ അതുമല്ലെങ്കിൽ ഒരു പാരമ്പര്യത്തിലെ പ്രയോഗശൈലിയെ അത് നമുക്ക് പരിചയപ്പെടുത്തുന്നു. ഏറെക്കുറെ അനുഭവസിദ്ധങ്ങളാണ് അതിലെ യോഗങ്ങൾ എന്ന് കരുതാം. ഒരു യോഗത്തിന്റെ ഘടനയിൽ, പ്രയോഗത്തിൽ മറ്റു ഗ്രന്ഥങ്ങളിൽ നിന്നും കാണുന്ന വ്യത്യസ്തതകളും പഠനീയമാണെന്ന് തോന്നുന്നു. പ്രാദേശികമായി നിലനിന്നിരുന്ന ധാരാളം ലഘു പ്രയോഗങ്ങളും ഭൈഷജ്യരത്നാവലിയിൽ ചിതറിക്കിടക്കുന്നതായി കാണാം. പുതുതായി പഠിച്ചിറങ്ങുന്നവർക്കെങ്കിലും പ്രയോജനപ്പെടട്ടെ, എന്ന ഗോവിന്ദദാസന്റെ വിചാരം ആദ്യശ്ലോകങ്ങളിൽത്തന്നെ വെളിപ്പെടുന്നു.

യോഗഗ്രന്ഥമാണെങ്കിലും ഏകൗഷധപ്രയോഗങ്ങളുടെ ഒരു കലവറ തന്നെയാണ് ഭൈഷജ്യരത്നാ വലി. ഗുളൂചി, വാതശോണിതത്തിന്റെ അഗ്ര്യൗഷധമാണെന്ന് സമ്മതിക്കുന്ന സംഹിതകളിൽ ഇതിന്റെ ചികിത്സയിലുള്ള ഉപയോഗം എത്രത്തോളം പരമാർശിക്കുന്നുണ്ട്? ഇല്ല, അല്ലെങ്കിൽ വിരളം തന്നെ. ഗോവിന്ദദാസൻ ഈ കുറവ് നികത്തുന്നു. വത്സാദനീ എന്ന പര്യായവും കൊടുത്ത്, സ്വരസം ചൂർണ്ണം കല്ക്കം ക്വാഥം എന്നീ കല്പനകളിൽ ചിറ്റമൃത് വാതരക്തത്തിൽ പ്രയോഗിക്കാമെന്നദ്ദേഹം പറയുന്നു. ഗുളൂചി ചേർത്തുള്ള പല തൈലയോഗങ്ങളും നല്കുന്നുണ്ട്. ഗുളൂചി ദീർഘകാലോപയോഗം കൊണ്ടേ ഗുണം ചെയ്യൂ എന്ന കാര്യവും ഗോവിന്ദദാസൻ ഓർമ്മിപ്പിക്കുന്നുണ്ട്. ശോധനചികിത്സക്ക് ശേഷം ഗുളൂചിക്വാഥത്തിൽ ശിലാജതു വിധിച്ചിട്ടുള്ളത് ശ്രദ്ധേയമായിത്തോന്നുന്നു. പ്രമേഹത്തിൽ തേൻ ചേർത്ത് ഗുളൂചിസ്വരസമോ സത്വമോ ഉപയോഗിക്കാം. സ്വരസം പ്രദരത്തിലും ഹിതമാണ്. ശ്ലീപ ദത്തിൽ തൈലം ചേർത്താണ് പ്രയോഗം. കുഷ്ഠത്തിൽ സ്വരസം ദഹിച്ച ശേഷം ഘൃതവും സേവിക്ക ണം. ഛർദ്ദിയിൽ ഹിമകഷായമായുള്ള പ്രയോഗം സുശ്രുതത്തിൽ നിന്നാണ്. സ്വരസം, ശതാവരിസ്വര സവും ചേർത്ത് ജ്വരത്തിൽ നല്കാം. തിപ്പലി മോമ്പൊടി ചേർത്ത് ജീർണ്ണജ്വരത്തിലുമുണ്ട് ഉപയോഗം. ഗുളൂച്യാദിഗണം കഷായം സർവജ്വരഹരമെന്ന് വിശേഷിപ്പിക്കപ്പെടുന്നത് അനുഭവം കൊണ്ടും ശരി. അതുകൊണ്ടാകണം, ശ്രീ. പി.എം. ഗോവിന്ദൻ വൈദ്യൻ ഈ കഷായത്തെ അമൃതോത്തരത്തോടുപമി പ്പിക്കുന്നത്.

അർജ്ജുനത്തിന്റെ ഹൃദ്രോഗത്തിലുള്ള ഫലസിദ്ധി ആധുനികഗവേഷണങ്ങളും സമ്മതിക്കുന്നുണ്ട്. നീർമരുതിന്റെ തൊലി പൊടിച്ച് നെയ്യോ പാലോ ശർക്കരയോ ചേർത്ത് ഉപയോഗിക്കാം. കകു ഭാദിചൂർണ്ണമെന്ന യോഗവുമുണ്ട്. നാഗബല ചേർത്തും ഗോധൂമം ചേർത്തും അർജ്ജുനം ഹൃദ്രോഗ ത്തിൽ പ്രയോഗിക്കാം. കൂടാതെ ഒരു ഘൃതയോഗവും അരിഷ്ടയോഗവുമുണ്ട്, അർജ്ജുനം കൊണ്ട്. അർജ്ജുനത്വഗാദി പാൽക്കഷായം വടക്കേ ഇന്ത്യയിൽ വ്യാപകമായി ഉപയോഗിച്ചുവരുന്നു.

രക്തപിത്തഘ്നമായ വാശാ, കാസഘ്നം കൂടിയാണെന്നത് ഈ ഗ്രന്ഥം ഓർമ്മിപ്പിക്കുന്നു. തേനോ, തേനും തിപ്പലിയുമോ, താലീസചൂർണ്ണമോ മേമ്പൊടിയാക്കാം. ഏരണ്ഡതൈലത്തിന് വാതാ രിയെന്ന് പേര് കൊടുത്തിരിക്കുന്നു. ശരീരമാകുന്ന കാട്ടിൽ വിഹരിച്ചുനടക്കുന്ന ആമവാതമെന്ന ആനയെ കൊന്നൊടുക്കുവാൻ കെല്പുള്ള സിംഹമാണ് ഏരണ്ഡതൈലം. രാസ്നാദി കഷായ ത്തിലോ ദശമൂലകഷായത്തിലോ നാഗരക്ഷായത്തിലോ ഏരണ്ഡതൈലം മോമ്പൊടിയാക്കാം. എന്നാൽ ആമാവസ്ഥയിൽ ഏരണ്ഡം നല്കാറുണ്ടെന്ന് തോന്നുന്നില്ല.

പ്ലീഹോദരത്തിൽ വിധിച്ചിട്ടുള്ള രോഹീതകത്തിന്റെ വൈവിധ്യമാർന്ന പ്രയോഗവിധികൾ ഭൈഷജ്യ രത്നാവലിയിലുണ്ട്. അരിഷ്ടം, ചൂർണ്ണം എന്നിവയ്ക്ക് പുറമേ രണ്ടു ഘൃതയോഗങ്ങളും വിധിച്ചിരിക്കു

ന്നു. അഭയാക്വാഥത്തിൽ മേമ്പൊടിയാക്കാം. യകൃദരിവടിക എന്നൊരു യോഗവുമുണ്ട്, രോഹീതകം കൊണ്ട്.

ശേഫാളികാദളം (പവിഴമല്ലിയില) കൊണ്ടുള്ള കഷായം ഗൃദ്ധ്രസിക്ക് വിധിച്ചിരിക്കുന്നു. ഇത് അനുകൂലഫലമുള്ളതായി ഒരു ഗവേഷണപ്രബന്ധം വായിച്ചിട്ടുണ്ട്. കടുരോഹിണി കഫപിത്തജ്വരത്തിലും കാഞ്ചനാരക്വാഥം മസൂരികയിലും വിധിച്ചിട്ടുണ്ട്. ദുരാലഭാക്വാഥം ഭ്രമത്തെ ശമിപ്പിക്കുന്നു. കോഠത്തിൽ മുഞ്ഞയുടെ വേരരച്ച് പുരട്ടാം. ശ്വാസത്തിൽ ഉമ്മത്തിന്റെ പൂവുകൊണ്ടുള്ള ധൂമപാനം നാടൻ പ്രയോഗമാണല്ലോ. ഭൈഷജ്യരത്നാവലിയിൽ അത് പരാമർശിച്ചിട്ടുണ്ട്. നാസാജരക്തപിത്തത്തിൽ നെല്ലിക്കാത്തളത്തിന് പ്രഭാവമുണ്ട്. കരിനൊച്ചിയില മാത്രമിട്ട് ഉണ്ടാക്കുന്ന കഷായം കഫജ്വരശമനമാണ്. നിർഗുണ്ഡീകല്പമെന്ന പ്രയോഗം ഇലയുടെ ചൂർണ്ണം ഘൃതഭാണ്ഡത്തിലാക്കി ധാന്യരാശിയിൽ ഒരു മാസം സൂക്ഷിച്ച് വെച്ചെടുത്ത് ഒരു മാസം ഉപയോഗിക്കുന്ന ഒരു രസായനവിധിയാണ്. അപാമാർഗ്ഗസ്വരസം സദ്യോവ്രണത്തിൽ രക്തസ്തംഭനമായി പ്രയോജനപ്പെടും. കൂശ്മാണ്ഡസ്വരസം മൂത്രാഘാതത്തിൽ ഹിതമാണ്. അതുപോലെ തന്നെ ഗോക്ഷുരപഞ്ചാംഗകഷായവും. മൂത്രരോധത്തിൽ ലേപനത്തിനായി കോവലിന്റെ വേര് കാടിവെള്ളത്തിലരച്ചത്. മനുഷ്യന്റെ എല്ല് എന്തിന് കൊള്ളാം? നാളീവ്രണത്തിലരച്ചിടാം. നെല്ലിക്കയുടെ നീര് പ്രദരശമനമാണ്. ചൂർണ്ണം തേൻ ചേർത്ത് പൈത്തികശൂലയിൽ നല്കാം. ചാണകനീര് കുറുക്കിയത് ചേർത്ത് എണ്ണ കാച്ചിയെടുത്ത് കഫജതിമിരത്തിൽ നസ്യത്തിന് വിധിച്ചിട്ടുള്ളത് കൗതുകകരമായിരിക്കുന്നു. സൂതികയ്ക്ക് നല്കുവാൻ ശ്രേഷ്ഠമാണ് സഹചരക്വാഥം.

ശ്രദ്ധേയമായ ഒരു കാര്യം ഏകൗഷധികളുടെ ഗുണനിലവാരം വിവരിച്ചതാണ്. ശുഷ്കദ്രവ്യങ്ങൾ ഗുണസമ്പന്നമായത് തെരെഞ്ഞെടുക്കുവാൻ ഒരു ഗുണപരിശോധനക്ക് ഈ പ്രകരണം (വാതവ്യാധിചികിത്സയിൽ) സഹായകമായേക്കും. മേല്പറഞ്ഞ ഏകൗഷധപ്രയോഗങ്ങളിൽ പലതും ഇന്ന് പ്രയോഗത്തിലില്ലെങ്കിലും ഗുണംകൊണ്ട് ഹിതമാണെന്നൂഹിയ്ക്കാം. സമാനപരാമർശങ്ങൾ സംഹിതകളിലുണ്ട്. ഉദാഹരണത്തിന് കഫജ്വരത്തിൽ വിധിച്ചിട്ടുള്ള നിർഗുണ്ഡീപത്രം അഷ്ടാംഗഹൃദയത്തിൽ കാസത്തിൽ പരാമർശിച്ചിരിക്കുന്നു. അപാമാർഗ്ഗത്തിൽ മുൻ സൂചിപ്പിച്ച പ്രയോഗത്തിൽ ചെറുകടലാടിയാണ് കേരളത്തിലെടുക്കുന്നത് എന്ന് തോന്നുന്നു. കൂശ്മാണ്ഡസ്വരസം വസ്തിശോധനമെങ്കിലും ഇന്നത് ഉദരരോഗങ്ങളിലാണ് കൂടുതലുപയോഗിക്കുന്നത്.

ദശമൂലക്വാഥം ആറേഴ് പ്രകരണങ്ങളിൽ പരാമർശിക്കപ്പെടുന്നു. നാഗര ചൂർണ്ണം ചേർത്ത് ജ്വരാതിസാരത്തിലും ഘൃതം ചേർത്ത് സൂതികയ്ക്കുണ്ടാകുന്ന കോഷ്ഠശൂലക്കും നല്കാം. യവക്ഷാരവും സൈന്ധവവും ചേർത്ത് ഹൃദ്രോഗം, ഗുന്മം എന്നിവയ്ക്കുത്തമം. മൂത്രാഘാതത്തിൽ ശിലാജതുവും പഞ്ചസാരയുമാണ് പ്രക്ഷേപം. ശ്വാസത്തിലും പാർശ്വശൂലത്തിലും പുഷ്കരചൂർണ്ണവും. പാർശ്വശൂലം, ജ്വരം, ശ്വാസം, കാസം എന്നിവ വാതകഫജമായുണ്ടാകുമ്പോൾ ദശമൂലകഷായം പിപ്പലീചൂർണ്ണം ചേർത്ത് നല്കാൻ വിധിച്ചതിൽ നിന്നാണോ ദശമൂലകടുത്രയം വികസിച്ചുവന്നത്? പഞ്ചകോലം ആമവാതത്തിൽ പാനാന്നങ്ങൾക്ക് വിധിച്ചത് ഇന്ന് പ്രയോഗത്തിലുണ്ട്. ചിരുവില്വാദി കഷായം ഭൈഷജ്യരത്നാവലിയിലേതാണ്. ആമവാതഹരമായ ശഠ്യാദി കഷായം ഫലപ്രദമായി കണ്ടിട്ടുള്ള ഒന്നാണ്. രാസ്നാ ചേർന്ന ധാരാളം കഷായങ്ങളുണ്ട്. വാതശോണിതപ്രകരണത്തിലെ രാസ്നാദി കഷായത്തിൽ അഭയ മാറ്റി ഇക്ഷുരകവും ബലയും ചേർത്താൽ നമ്മുടെ രാസ്നേരണ്ഡാദിയായി. അഷ്ടാംഗഹൃദയത്തിൽ പൈത്തിക വാതരക്തശമനമായി വിധിച്ച വരീതിക്താദി കഷായം ഭൈഷജ്യരത്നാവലിയിൽ പടോലാദിയായി നല്കിയിരിക്കുന്നു. കോകിലാക്ഷവും ഗുളൂചിയും ചേർന്നുള്ള ക്വാഥവും വാതശോ

ണിതഹരമാണ്. അജീർണ്ണജ ജ്വരഹരമായി പറഞ്ഞിരിക്കുന്ന കിരാതാദി കഷായം ഭാവപ്രകാശത്തിലേ താണ്. ഈ കഷായവും പിത്തഗ്രഹണിയെയും യകൃത് വികാരങ്ങളേയും ശമിപ്പിക്കുന്ന ഭൂനിംബാദി കഷായവും വൈദ്യരത്നം പി.എസ്. വാരിയർ ധാരാളമായി ഉപയോഗിച്ചിരുന്നു. അതിസാരഘ്നമായി സൂചിപ്പിച്ചിരിക്കുന്ന പാഠാവത്സകാദി കഷായം വളരെ ഫലപ്രദമാണെന്ന് കോഴിക്കോട്ടുള്ള വൈദ്യൻ പറഞ്ഞു.

ചൂർണ്ണങ്ങളിൽ ത്രിവൃത് പ്രധാനമായ നാരാചകചൂർണ്ണം രാജാവിന് പോലും ഉപയോഗിക്കാവുന്ന തത്രെ. ജിഹ്വാസ്തംഭത്തിലുപയോഗിക്കുന്ന കല്യാണാവലേഹവും ഭൈഷജ്യരത്നാവലിയിലുണ്ട്. അഷ്ടാംഗസംഗ്രഹത്തിൽ നിന്ന് കോലകുലത്ഥാദിയും എടുത്തിരിക്കുന്നു.

ഗുളികകളിൽ എടുത്തുപറയേണ്ടത് അധികമില്ല. ചന്ദ്രപ്രഭ, ഗുഡികയായി അർശോരോഗപ്രകരണ ത്തിലും വടികയായി പ്രമേഹത്തിലും വിവരിച്ചിരിക്കുന്നു. അതുപോലെ കാങ്കായനം, മോദകമായി അർശസ്സിലും ഗുഡികയായി ഗുന്മത്തിലും.

ഘൃതയോഗങ്ങളിൽ ബിന്ദുഘൃതമെന്നത് ഉദരത്തിൽ പ്രയോഗിച്ച് ഫലം കണ്ടിട്ടുള്ള ചികിത്സകൻ, അങ്കമാലിയ്ക്കടുത്ത് കരിയാട്ടുള്ള ഡോ. വർഗ്ഗീസ് പട്ടരുമഠമാണ്. ബാലന്മാർക്ക് പുഷ്ടികരമായി അശ്വ ഗന്ധ തന്നെ ക്വാഥകല്ക്കങ്ങളാക്കി വെയ്ക്കുന്ന അശ്വഗന്ധഘൃതം ഗോവിന്ദദാസന്റെ സംഭാവനയാ ണെന്ന് തോന്നുന്നു. ബൃഹച്ഛാഗലാദി ഘൃതവും ഭൈഷജ്യരത്നാവലിയിലുണ്ട്. ഫലസർപ്പിസ്സിൽ, യോഗത്തിൽ പരാമർശിച്ചിട്ടില്ലെങ്കിലും വൈദ്യന്മാർ ഇതിൽ ലക്ഷ്മണാ (തിരുതാളി) ചേർക്കുന്നൂ എന്ന് പറഞ്ഞിട്ടുള്ളത്, പ്രാദേശികമായ വിധാനഭേദത്തെ സൂചിപ്പിക്കുന്നു.

മഹാബലാതൈലം, യോഗം കൊണ്ട് ധാന്വന്തരത്തോടടുത്ത് നില്ക്കുന്നു. നാരായണതൈലം, മഹാനാരായണതൈലം, നകുലതൈലം, ഹിമസാഗരതൈലം, മഹാമാഷതൈലം എന്നിവയാണ് എടു ത്തുപറയാവുന്നവ. ഔഷധങ്ങൾ വിശേഷിച്ച് രസൗഷധങ്ങൾ തുണിയിൽ പുരട്ടി ചുരുട്ടി കത്തിച്ച് വീണുകിട്ടുന്ന 'എരിതൈല' ങ്ങളിൽ ഒന്നായ വിജയഭൈരവതൈലം, കമ്പവാതശമനമായി പ്രകീർത്തി ക്കപ്പെട്ടിരിക്കുന്നു. തിരുവിതാംകൂർ ഭാഗത്ത് പഴയ വൈദ്യന്മാർ വ്യാപകമായി ഇത്തരം തൈലങ്ങൾ ഉപ യോഗിച്ചിരുന്നു.

'ഭൈഷജ്യരത്നാവലി' യിൽ ഗുഗ്ഗുലു അരങ്ങ് തകർത്താടുകയാണ്. രസാഭ്രഗുഗ്ഗുലു, വാതാരി ഗുഗ്ഗുലു, യോഗരാജഗുഗ്ഗുലു, മഹായോഗരാജഗുഗ്ഗുലു, ബൃഹത്‍യോഗരാജഗുഗ്ഗുലു, വ്യാധിശാർദ്ദൂലഗു ഗ്ഗുലു, സിംഹനാദഗുഗ്ഗുലു, ത്രിഫലാഗുഗ്ഗുലു, അമൃതഗുഗ്ഗുലു, ലാക്ഷാഗുഗ്ഗുലു, ആഭാഗുഗ്ഗുലു, കാഞ്ച നാരഗുഗ്ഗുലു, പുനർന്നവാഗുഗ്ഗുലു, ഏകവിംശതികഗുഗ്ഗുലു, സപ്തവിംശതിഗുഗ്ഗുലു, നവകാർഷികഗു ഗ്ഗുലു, നവകഷായഗുഗ്ഗുലു എന്നിങ്ങനെ പതിനേഴോളം യോഗങ്ങളുണ്ട്. ഇവയിലധികമൊന്നും കേരള ത്തിൽ പ്രചാരത്തിലില്ല. ഏകവിംശതി, സപ്തവിംശതി തുടങ്ങിയവ ഗജചികിത്സയിൽ കേരളീയ വൈദ്യന്മാർ ഉപയോഗിക്കുന്നുണ്ട്.

ഇരുപത്തഞ്ചിലധികം അരിഷ്ടാസവങ്ങൾ ഭൈഷജ്യരത്നാവലിയിലെ വിവിധ പ്രകരണങ്ങളിലായി കാണാം. കേരളീയചികിത്സയിൽ ഈ കല്പനാ വിശേഷം വന്നു ചേർന്നത് ഈ യോഗഗ്രന്ഥത്തിലൂടെ യാണെന്ന് കരുതണം. പഴക്കംചെന്ന ഫാർമ്മസികളെല്ലാം അരിഷ്ടാസവനിർമ്മിതിക്ക് ആധാരമാക്കിയി ട്ടുള്ളത് ഈ പുസ്തകത്തേയാണ്.

ഭൈഷജ്യരത്നാവലിയിൽ ലേഹ്യങ്ങളുടെ എണ്ണം പൊതുവേ കുറവാണ്. ച്യവനപ്രാശം രാജ യക്ഷ്മാ പ്രകരണത്തിൽ പറഞ്ഞത്, ചികിത്സാനുഭവത്തിന്റെ വെളിച്ചത്തിലാകാം. കല്യാണഗുഡം

പുംസവനമാണെന്ന് അഷ്ടാംഗഹൃദയത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും സ്ത്രീകളിലെ വന്ധ്യതയെ ശമിപ്പിക്കുന്നൂ എന്ന് സൂചിപ്പിക്കുന്നത് ഭൈഷജ്യരത്നാവലിയിലാണ്. വൈദ്യഭൂഷണം കെ. രാഘവൻ തിരുമുല്പാട് ഇത് വന്ധ്യതാചികിത്സയിൽ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

രജോനാശകമായും ഗർഭരോധകമായും ചില യോഗങ്ങൾ ഈ ഗ്രന്ഥത്തിൽ കാണാം. അതിൽ പിപ്പല്യാദി ചൂർണ്ണം ഗുണപ്രദമായി കണ്ടതിനെത്തുടർന്ന് കേന്ദ്ര ആയുർവേദഗവേഷണ കൗൺസിൽ വിപുലമായ പരീക്ഷണങ്ങൾക്ക് മുതിർന്നിരിക്കുകയാണ്.

കേരളീയചികിത്സയെ വളരെ സ്വാധീനിച്ച ഒരു ഔത്തരാഹഗ്രന്ഥമെന്ന നിലയിൽ ഭൈഷജ്യരത്നാവലിയുടെ പഠനവിചാരങ്ങൾ പ്രാധാന്യമർഹിക്കുന്നു.

പരിചയസമ്പന്നരായ ചികിത്സകർ വിമർശിക്കുകയും കൂട്ടിചേർക്കുകയും ചെയ്താലെ എന്റെ ഈ ചെറിയ പരിശ്രമം എല്ലാവർക്കും പ്രയോജനപ്പെടുന്നതായി തീരുകയുള്ളൂ.